**പതിനാലാം കേരള നിയമസഭ**

**പത്തൊൻപതാം സമ്മേളനം**

**നക്ഷത്ര ചിഹ്നമിടാത്ത നിയമസഭാ ചോദ്യം നം.441 03.03.2020-ലെ മറുപടിക്ക്**

**ട്രഷറി നിയന്ത്രണം**

**ചോദ്യം** — **ശ്രീ.കെ.സി.ജോസഫ്**

**മറുപടി** — **ഡോ. ടി.എം. തോമസ് ഐസക്**
**ധനകാര്യവും കയറും വകുപ്പുമന്ത്രി**

| | | |
|---|---|---|
| (എ) | സംസ്ഥാന സർക്കാർ നേരിടുന്ന ഗുരുതരമായ സാമ്പത്തിക പ്രതിസന്ധി മൂലം കോൺട്രാക്ടർമാരുടെ ബില്ലുകൾ മാറുന്നതിന് എന്തെങ്കിലും ട്രഷറി നിയന്ത്രണം ഏർപ്പെടുത്തിയിട്ടുണ്ടോ; വിശദമാക്കുമോ; | ദൈനംദിന വരുമാനവും ചെലവും ക്രമപ്പെടുത്തുന്നതിനുള്ള ക്രമീകരണങ്ങൾ സാധാരണ ഗതിയിൽ നടപ്പിലാക്കി വരുന്നതാണ്. അതേസമയം വരുമാനവും ചെലവും തമ്മിലുള്ള പൊരുത്തക്കേട് തുടരുന്ന സ്ഥിതി കുറേക്കാലമായി സംസ്ഥാനം അനുഭവിച്ച് പോരുന്നുണ്ട്. ഇതിനു പരിഹാരം കാണുന്നതിനുള്ള വ്യക്തമായ റോഡ് മാപ്പ് തയ്യാറാക്കിയാണ് സർക്കാർ പ്രവർത്തിക്കുന്നത്. ദൈനംദിന മാനേജ്മെന്റിനു വേണ്ട ക്രമീകരണങ്ങൾ ഓരോ സമയത്തും എടുക്കുന്നതിനപ്പുറം അധിക നിയന്ത്രണങ്ങൾ ഒന്നും നടപ്പ് സാമ്പത്തിക വർഷം ഏർപ്പെടുത്തിയിട്ടില്ല. വികസന ക്ഷേമ പ്രവർത്തനങ്ങൾ ഭംഗം കൂടാതെ മുന്നോട്ട് കൊണ്ടു പോകുന്നതിന് പ്രത്യേക ശ്രദ്ധ നൽകിയിട്ടുണ്ട്. |
| (ബി) | ജലവിഭവ വകുപ്പ്, പൊതുമരാമത്ത് വകുപ്പ്, തദ്ദേശസ്വയംഭരണ വകുപ്പ് എന്നിവിടങ്ങളിലെ കരാറുകാർക്ക് 20/02/2020ലെ കണക്ക് പ്രകാരം നൽകുവാനുള്ള കുടിശ്ശിക എത്രയാണെന്ന് അറിയിക്കാമോ; | ജലവിഭവ വകുപ്പ്, പൊതുമരാമത്ത് വകുപ്പ് എന്നിവിടങ്ങളിലെ കരാറുകാർക്ക് 01.04.2019 മുതൽ 20.02.2020 വരെയുള്ള കാലയളവിൽ കൊടുത്തുതീർക്കുവാനുള്ള തുകയുടെ കണക്കുകൾ താഴെപ്പറയും പ്രകാരമാണ്. |

| വകുപ്പ് | കുടിശ്ശിക തുക (കോടിയിൽ) |
|---|---|
| പൊതുമരാമത്ത് (നിരത്ത്, പാലം) | 1258.11 |
| പൊതുമരാമത്ത് (കെട്ടിടം) | 406.16 |
| ജലവിഭവം | 158.73 |

| | | |
|---|---|---|
| | | 20.02.2020 വരെ തദ്ദേശസ്വയംഭരണ സ്ഥാപനങ്ങൾ ട്രഷറികളിൽ സമർപ്പിച്ചിട്ടുള്ള 447.49 കോടി രൂപയും പൊതുമരാമത്ത് വകുപ്പ് ട്രഷറികളിൽ സമർപ്പിച്ചിട്ടുള്ള 49.45 കോടി രൂപയും ജലവിഭവ വകുപ്പ് ട്രഷറികളിൽ സമർപ്പിച്ചിട്ടുള്ള 53.21 കോടി രൂപയും കരാറുകാർക്ക് നൽകാനുണ്ട്. 5 ലക്ഷം രൂപയ്ക്ക് മുകളിലുള്ള തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങളുടെ കരാറുകാരുടെയും അക്രഡിറ്റഡ് ഏജൻസികളുടെയും സപ്ലൈയർമാരുടെയും ബില്ലുകൾക്ക് ബിൽ ഡിസ്കൗണ്ടിംഗ് സൗകര്യം സർക്കാർ ഏർപ്പെടുത്തിയിരിക്കുന്ന സാഹചര്യത്തിൽ ഇത്തരം ബില്ലുകൾ ട്രഷറികളിൽ നിന്നും ഡി.ഡി.ഒ മാർക്ക് മടക്കി നൽകി വരുന്നു. |
| (സി) | അഞ്ച് ലക്ഷത്തിന് മുകളിലുള്ള എല്ലാ ബില്ലുകളും മാറുന്നതിന് നിയന്ത്രണം ഏർപ്പെടുത്തിയത് മൂലം പുതിയ പ്രവൃത്തികൾ ഏറ്റെടുക്കുവാൻ കരാറുകാർ മുന്നോട്ട് വരാത്ത സാഹചര്യത്തിൽ വികസന പ്രവർത്തനങ്ങൾ പാടെ സ്തംഭിച്ചുവെന്നത് വസ്തുതയാണോ; എങ്കിൽ ഇക്കാര്യത്തിൽ എന്ത് ഇടപെടലാണ് നടത്തുവാൻ ഉദ്ദേശിക്കുന്നതെന്ന് അറിയിക്കാമോ? | അല്ല. സംസ്ഥാനത്തിന്റെ അംഗീകൃത വായ്പ വെട്ടിച്ചുരുക്കിയ കേന്ദ്ര സർക്കാർ സമീപനവും ചരക്ക് സേവന നികുതി നടപ്പിലാക്കിയപ്പോൾ വാഗ്ദാനം ചെയ്ത നഷ്ടപരിഹാരം ലഭ്യമാക്കുന്നത് അകാരണമായി വൈകിപ്പിക്കുന്നതും സംസ്ഥാനത്ത് സാമ്പത്തിക പ്രതിസന്ധി സൃഷ്ടിച്ചിട്ടുണ്ട്. ടി പ്രതികൂല സാഹചര്യത്തിലും 15.01.2020 വരെ ട്രഷറികളിൽ സമർപ്പിച്ചിട്ടുള്ള 5,00,000 രൂപ വരെയുള്ള ബില്ലുകൾ മാറി നൽകുന്നതിനുള്ള നടപടി സർക്കാർ സ്വീകരിച്ചിരുന്നു. കൂടാതെ അഞ്ച് ലക്ഷത്തിന് മുകളിലുള്ള കോൺട്രാക്ടർ / വിതരണക്കാർക്കുള്ള ബില്ലുകൾ ബി.ഡി.എസ് വഴി മാറുന്നതിനുള്ള നടപടിയും സർക്കാർ സ്വീകരിച്ചിട്ടുണ്ട്. കിഫ്ബി വഴി നടന്നുകൊണ്ടിരിക്കുന്ന നിർമ്മാണ പ്രവർത്തനങ്ങൾകൂടി കണക്കിലെടുക്കുമ്പോൾ മുമ്പൊരുകാലത്തും നടക്കാത്തത്ര പശ്ചാത്തല സൗകര്യ വികസന പ്രവർത്തനങ്ങളാണ് സംസ്ഥാനത്ത് നടക്കുന്നത്. |

സെക്ഷൻ ഓഫീസർ